## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2525 — 12/02/2020-ൽ മറുപടിയ്ക്ക്

### കർഷകർക്ക് പലിശരഹിത വായ്പ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ ബാങ്കുകൾ/സംഘങ്ങൾ മുഖേന കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (എ) യും (ബി) യും | ഉണ്ട്<br>1. എല്ലാ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.<br>2. എല്ലാ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലെയും അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹത യുള്ളത്.<br>3. വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്ന വർക്ക് മാത്രമേ പലിശ സബ്സിഡി/ഇളവിന് അർഹതയുള്ളൂ. |
| (ബി) | എങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ നൽകാമോ? | | |

| | | | |
|---|---|---|---|
| | | | 4. ഒന്നിലധികം വായ്പകളിലായി ഓരോ കർഷകർക്കും വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകളിൽ, പരമാവധി മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് മാത്രമേ ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുകയുള്ളൂ.<br>ജില്ലകളിൽ നിന്നും പലിശ സബ്സിഡി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ, പലിശ ഇളവ് അനുവദിക്കുന്നതിനായി ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക, ജില്ലകൾക്ക് അനുവദിച്ച് നൽകുന്നു. |

സെക്ഷൻ ഓഫീസർ